വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

<u>പ്രസിദ്ധീകരണത്തിന്</u>

## വിക്കിസംഗമോത്സവം ഇന്ന് ആരംഭിക്കും

**21-12-2013:** വിക്കിപീഡിയയിലെ ഉപയോക്താക്കളുടെയും വിക്കിപീഡിയ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള പൊതുജനങ്ങളുടേയും വാർഷിക സമ്മേളനമായ വിക്കിസംഗമോത്സവം കെ.എം. ഗോവി നഗറിൽ (ആലപ്പുഴ രാധാകൺവൻഷൻ സെന്ററിൽ) ഇന്നാരംഭിക്കും.

സംഗമോത്സവത്തിന്റെ ആദ്യ ദിനമായ 2013 ഡിസംബർ 21 ശനിയാഴ്ച മൂന്ന് സമാന്തരപരിപാടികളും ഒരു പൊതു സെമിനാറും നടക്കും. അന്ന് രാവിലെ 10ന് നടക്കുന്ന വിദ്യാർത്ഥി സംഗമം കവയിത്രി ജ്യോതിബായി പരിയാടത്ത് ഉത്ഘാടനം ചെയ്യും. സംസ്ഥാനത്തെ വിവിധ ഹൈസ്കൂളുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നൂറ് വിദ്യാർത്ഥികൾ വിദ്യാർത്ഥിസംഗമത്തിൽ പങ്കെടുക്കും.

കാഴ്ച്ചശേഷി കുറഞ്ഞവർക്കായുള്ള വിക്കിപീഡിയ പരിശീലനം, പ്രതിനിധികൾക്കായുള്ള വിക്കിപീഡിയ പഠന ശിബിരം എന്നിവയും സമാന്തരവേദികളിൽ ഇന്ന് നടക്കും. ഉച്ചയ്ക്ക് 2 മണി മുതൽ വിക്കിപീഡിയയും മലയാളഭാഷയും എന്ന വിഷയത്തിൽ സെമിനാർ പ്രശസ്ത ഭാഷാവിദഗ്ദ്ധൻ സ്കറിയ സക്കറിയ ഉത്ഘാടനം ചെയ്യും. ഡോ. ബി. ഇക്ബാൽ അദ്ധ്യക്ഷത വഹിക്കും. ഡോ. പി. രഞ്ജിത്ത് വിഷയമവതരിപ്പിക്കും. മലയാള ഭാഷാവിദഗ്ദ്ധർ പ്രതികരിച്ച് സംസാരിക്കും. വൈകിട്ട് സമാന്തര സെഷനുകളിലായി വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണങ്ങളും കലാപരിപാടികളും നടക്കും. ഡിസംബർ 21 ന് 11 വയസ്സുതികയുന്ന മലയാളം വിക്കിപീഡിയയുടെ പിറന്നാളാഘോഷവും അന്നേ ദിവസം സംഘടിപ്പിച്ചിട്ടുണ്ട്.

ഡിസംബർ 22 ഞായയറാഴ്ച രാവിലെ നടക്കുന്ന പ്രധാന സമ്മേളനം പ്രമുഖ മാദ്ധ്യമ വിദഗ്ദ്ധൻ ശശികുമാർ ഉത്ഘാടനം ചെയ്യും. കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമായി 100 വിദ്യാർത്ഥികളുൾപ്പെടെ ഇരുന്നൂറ്റിഅൻപതോളം പ്രതിനിധികൾ വിക്കിസംഗമോത്സവത്തിൽ പങ്കെടുക്കും. ഇന്ത്യയിലെ ഇതരഭാഷകളിലെ വിക്കിമീഡിയരെ പങ്കെടുപ്പിച്ചും വിപുലമായ ജനപങ്കാളിത്തത്തോടെയും ഒരു വിക്കിസമൂഹത്തിന്റെ കോൺഫറൻസ് സംഘടിപ്പിക്കുന്നത് ഇതാദ്യമായാണ്.

**അഡ്വ. ടി.കെ. സുജിത്**
**9846012841**